DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

14.06.2019

## കാർഷികമേഖലാവാർത്തകൾ

### കാർഷികസർവ്വകലാശാലയിലെ ഇൻസ്ട്രക്ഷണൽഫാമിൽ ഹൈഡ്രോപോണിക്സ് കൃഷിരീതിയിൽ 3 ദിവസത്തെ പരിശീലനപരിപാടി

മണ്ണ് ഉപയോഗിക്കാതെ പൂർണ്ണമായും വെള്ളം ഉപയോഗിച്ച് കൃഷി ചെയ്യാൻ സാധിക്കുന്ന നൂതന കൃഷിരീതിയായ ഹൈഡ്രോപോണിക്സ് വിഷയത്തെ പറ്റി 3 ദിവസത്തെ പരിശീലനപരിപാടി ഈ മാസം 20 മുതൽ 22 വരെയുള്ള തിയ്യതികളിൽ, Hi-Tech Research and Training Unit Hall, ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിൽ വെച്ച് നടത്തുന്നതാണ്. വിവിധതരം ഹൈഡ്രോപോണിക്സ് സിസ്റ്റം, - രൂപകൽപ്പനകൾ, പ്രവർത്തന-ഉപയോഗ-പരിപാലന രീതികൾ, ഇൻസ്റ്റലേഷൻ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാലനം, എന്നിവയെകുറിച്ച് വിദഗ്ദർ ക്ലാസ്സുകൾ എടുക്കുന്നതായിരിക്കും. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **7025498850** എന്ന നമ്പറിൽ ബന്ധപ്പെടുക.

### പരിശീലനം

ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിച്ചു വരുന്ന പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കർഷകർക്കായി ഈ മാസം 15 ന് കാടവളർത്തലിലും 18 മുതൽ 20 വരെ ഇറച്ചിക്കോഴി

വളർത്തലിലും 21,22 തീയതികളിൽ ആട് വളർത്തലിലും പരിശീലനം നൽകുന്നു. താത്പര്യമുള്ള കർഷകർ സെൻട്രൽ ഹാച്ചറി പരിശീലന വിഭാഗവുമായി ബന്ധപ്പെട്ട് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്തു നമ്പർ വാങ്ങേണ്ടതാണ്. പരിശീലനം തികച്ചും സൗജന്യവും പങ്കെടുക്കു ന്നവർക്ക് പരിശീലന ശേഷം പരിശീലന സർട്ടിഫിക്കറ്റ് നൽകുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി ബന്ധപ്പെടേണ്ട നമ്പർ : 0479 - 2457778.

## വാഴത്തൈകൾ വിൽപനയ്ക്ക്

കേരള കാർഷിക സർവകലാശാല കണ്ണാറവാഴ ഗവേഷണ കേന്ദ്രത്തിൽ നെടുനേന്ത്രൻ, ഗ്രാന്റ്നെയിൻ എന്നീ ഇനം ടിഷ്യൂകൾച്ചർ വാഴതൈകൾ വിൽപനക്കുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0487 - 2699087, 9495419699

## ആടുവളർത്തൽ പരിശീലനം

ഇടുക്കി ജില്ലയിലെ വാഗമൺ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയി നിംഗ് സെന്ററിന്റെ ആഭിമുഖ്യത്തിൽ ഉപ്പുതറ, ആറാപള്ളം കമ്മ്യൂണിറ്റി ഹാളിൽ വച്ച് ഈ മാസം 18,19 തീയതികളിൽ ശാസ്ത്രീയ രീതിയിലുള്ള ആടുവളർത്തൽ എന്ന വിഷയത്തിൽ കർഷകർക്ക് സൗജന്യപരിശീലനം നൽകുന്നു. താത്പര്യമുള്ളവർ ഓഫീസ് സമയങ്ങളിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് പരി ശീലനം ലഭിക്കുക. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ: 9447979697, 7907867453.

## അറിയിപ്പ്

തിരുവനന്തപുരം പെരിങ്ങമ്മല ബനാന നഴ്സറിയിൽ ഗുണനിലവാരമുള്ള വേരുപിടിപ്പിച്ച കരിമുണ്ട ഇനം കുരുമുളക് വള്ളികൾ 8 രൂപ നിരക്കിലും, വിഗോവ, കുട്ടനാടൻ എന്നീ ഇനം താറാവുകുഞ്ഞുങ്ങൾ 300 രൂപ നിരക്കിലും വിൽപനക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 9495629838 എന്ന നമ്പരിൽ ബന്ധപ്പെടുക.

## പച്ചക്കറി തൈകൾ വിതരണം

പച്ചക്കറി വികസന പദ്ധതി പ്രകാരം തൃക്കടവൂർ കൃഷിഭവനിൽ നിന്നും വിവിധ ഇനം പച്ചക്കറി തൈകൾ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്യുന്നു. ആവശ്യമുള്ളവർ കരമടച്ച രസീതിന്റെ കോപ്പി സഹിതം അപേക്ഷ സമർപ്പിക്കണമെന്ന് തൃക്കടവൂർ കൃഷി ഓഫീസർ അറിയിക്കുന്നു.

## റബ്ബറിന് വളമിടുന്നതിൽ പരിശീലനം

റബ്ബറിന്റെ ശാസ്ത്രീയമായ വളപ്രയോഗരീതികളിലുള്ള ഏകദിനപരിശീലനം 2019 ജൂൺ 18-ന് കോട്ടയത്തുള്ള റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടക്കും. റബ്ബറിന് വളമിടുന്നതിന്റെ ആവശ്യകത, ശുപാർശ ചെയ്യപ്പെട്ടിരിക്കുന്ന വളങ്ങൾ, കാര്യക്ഷമമായ വളപ്രയോഗം, മണ്ണും ഇലയും പരിശോധിച്ചുള്ള വളമിടൽ തുടങ്ങിയവ പരിശീലനത്തിലുൾപ്പെടും. പരിശീലനഫീസ് 500 രൂപ. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപെട്ടവർക്ക് ജാതിസർട്ടിഫിക്കറ്റ് ഹാജരാ

ക്കുന്ന പക്ഷം, ഫീസിൽ 50 ശതമാനം ഇളവു ലഭിക്കും. റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ ഫീസിൽ 25 ശതമാനം ഇളവുണ്ടായിരിക്കും. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 300 രൂപ അധികം നൽകണം. കൂടുതൽ വിവരങ്ങൾക്ക് : 0481 2353127, 2351313. എന്നീ നമ്പറുകളിൽ ബന്ധപ്പെടുക. ഇ മെയിൽ training@rubberboard.org.in.